പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 351 08.02.2016 ൽ മറുപടിക്ക്

# റോഡ് സുരക്ഷാവാരാചരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2016 ൽ റോഡ് സുരക്ഷാവാരാചരണം നടന്നിരുന്നോ; ഈ വർഷത്തെ റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടികൾ എന്തെല്ലാമായിരുന്നു; | (എ) | നടന്നിരുന്നു. 2016 ജനുവരി 9ന് വൈകിട്ട് 3 മണിയ്ക്ക് എറണാകുളം കളമശ്ശേരി സെന്റ് പോൾസ് കോളേജ് അങ്കണത്തിൽ വെച്ച് പരിപാടിയുടെ സംസ്ഥാന തല ഉത്ഘാടനം ബഹു. ഗതാഗത വകുപ്പ് മന്ത്രി നിർവ്വഹിച്ചു. സുപ്രീം കോടതി റോഡ് സുരക്ഷാ സമിതിയുടെ അദ്ധ്യക്ഷൻ ജസ്റ്റീസ് കെ.എസ്. രാധാകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. റോഡ് സുരക്ഷാ സന്ദേശ തെരുവുനാടകം, തേർഡ് ഐ ഫോട്ടോ പ്രദർശനം, റോഡ് സുരക്ഷാ കാർട്ടൂൺ പ്രദർശനം, ലഘുലേഖ വിതരണം എന്നി പരിപാടികൾ വിജയകരമായി സംഘടിപ്പിച്ചിരുന്നു. ഈ വർഷത്തെ മുദ്രാവാക്യം Road Safety – Time for Action എന്നായിരുന്നു. ജനുവരി 10 മുതൽ 16 വരെയായിരുന്നു വാരാചരണം. വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ എന്നിവരുടെ പ്രാതിനിധ്യം ഉറപ്പാക്കി ബോധവൽക്കരണത്തിലൂടെയുള്ള എൻഫോഴ്സ്മെന്റ്, എൻ സി സി, സ്കൗട്ട്സ് & |

| | | | |
|---|---|---|---|
| | | | ഗൈഡ്സ്, റോഡ് സുരക്ഷാ ക്ലബ്ബുകൾ, തദ്ദേശ സ്വയംഭരണ പ്രതിനിധികൾ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, റോഡ് സുരക്ഷാ പ്രശ്നോത്തരി, വൈദ്യപരിശോധന, രക്തദാനക്യാമ്പ്, അവയവദാന ക്യാമ്പ് വാഹന പരിശോധനക്കിടെ നിയമം പാലിക്കുന്നവരെ അഭിനന്ദിക്കുക, നിയമലംഘകരെ ബോധവൽക്കരിച്ച് പിഴ ഈടാക്കുക തുടങ്ങിയ പരിപാടികൾ വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. |
| (ബി) | കഴിഞ്ഞ റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടികളിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം പരിപാടികൾ ഇപ്രാവശ്യത്തെ റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുകയുണ്ടായി; | (ബി) | റോഡ് സുരക്ഷാ സന്ദേശ തെരുവുനാടകം, ചിത്രപ്രദർശനം, ചിത്രരചന, നിശ്ചല ദൃശ്യം, പരിക്കേറ്റവരുടെ അനുഭവങ്ങൾ പങ്കു വയ്ക്കുന്ന ഒത്തുചേരൽ എന്നീ പരിപാടികൾ സംഘടിപ്പിച്ചു. |
| (സി) | റോഡ് മര്യാദകൾ പാലിക്കാൻ യാത്രക്കാരെ ബോധവത്ക്കരിക്കാനും മര്യാദകൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും നിയമനടത്തിപ്പ് പുന:ക്രമീകരിക്കുമോ; | (സി) | നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഡി) | ഈ പ്രാവശ്യത്തെ വാരാചരണത്തിലെ വിവിധ ചെലവുകൾക്കായി എന്ത് തുക വേണ്ടി വന്നു? | (ഡി) | കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടിൽ നിന്നും 17.50 ലക്ഷം രൂപ മോട്ടോർ വാഹന വകുപ്പിന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ